പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6521

03.04.2018 ന് മറുപടിയ്ക്ക്.

## മരട് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം. സ്വരാജ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ. (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) മരട് ഐ.ടി.ഐ.യുടെ കെട്ടിട നിർമ്മാണത്തിന് 3.99 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില എന്നിവയുടെ നിർമ്മാണത്തിനായി പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് എവിടെയാണ് സ്ഥലം അനുവദിച്ചിട്ടുള്ളതെന്നും എത്ര സ്ഥലമാണ് നിലവിലുള്ളത് എന്നും അറിയിക്കുമോ; | (ബി) എറണാകുളം ജില്ലയിലെ മരട് മുനിസിപ്പാലിറ്റിയിൽ 58 സെന്റ് സ്ഥലമാണ് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്. |
| (സി) വളരെ വിലയേറിയതും പ്രാധാന്യ മേറിയതുമായ ഈ സ്ഥലം പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നതിനും ആധുനിക സൗകര്യങ്ങളോടു കൂടിയതും ഭാവിയിലെ ആവശ്യകതകൾ മുന്നിൽ കണ്ടും ഈ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (സി) നിലവിൽ ലഭ്യമായിട്ടുള്ള പൊതുമരാമത്ത് വകുപ്പിന്റെ പ്ലാൻ അനുവദിച്ച സ്ഥലം പൂർണ്ണമായി പ്രയോജനപ്പെടുത്തി ഭാവി ആവശ്യത്തെ മുന്നിൽ കണ്ട് തയ്യാറാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ